പുറമേ പുനരധിവാസത്തിനുള്ള പദ്ധതികൾ സൈനികക്ഷേമ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്.

(ജി) മരണമടഞ്ഞ എല്ലാ ഭാരതീയ സൈനികരുടെയും സ്മാരക മായി തിരുവനന്തപുരത്ത് യുദ്ധസ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(എച്ച്) സൈനിക സേവനത്തിലും അർദ്ധസൈനിക വിഭാഗത്തിലും പ്രവർത്തിച്ചുവരവെ കൊല്ലപ്പെടുകയോ കാണാതാവുകയോ അംഗഭംഗം സംഭ വിക്കുകയോ ചെയ്യുന്ന കേരളീയരായ, സൈനികർക്കും അവരുടെ ആശ്രി തർക്കും സാമ്പത്തിക സഹായം നൽകുന്നതിനു മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ ഇപ്പോൾ വ്യവസ്ഥകളുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

7 (*7)ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഇതിനായുള്ള നടപടി എന്നാണ് ആരംഭിച്ചത്;

(സി) ഇക്കാര്യത്തിൽ 1999-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രഗവണ്മെന്റിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന് കേന്ദ്രഗവണ്മെന്റിൽ നിന്നും എന്തു മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അപേക്ഷ നൽകി യിട്ടില്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടു ത്തുമോ;

(ഇ) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാൻ ജസ്വന്ത്സിംഗ് കമ്മിഷൻ ശുപാർശകൾ നടപ്പിലാക്കുവാൻ തയ്യാറാണോ എന്ന് സംസ്ഥാന ഗവണ്മെന്റിനോട് കേന്ദ്ര നിയമവകുപ്പ് ചോദിച്ചിട്ടുണ്ടോ; എങ്കിൽ അതിന് മറു പടി നൽകിയോ;

(എഫ്) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടി ക്രമം എന്താണ്;

(ജി) സംസ്ഥാന ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോട് നടപടിക്രമം അനുശാസിക്കുന്നവിധം ഇതിനായി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന്;

(എച്ച്) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടതാ ണെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ ആവശ്യപ്പെടുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നഭ്യർത്ഥിച്ച് 1958-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിനയച്ചിട്ടുണ്ട്. 1971-ലും 1996-ലും ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിന് കത്തയക്കുകയുണ്ടായി.

(സി)-(ഐ) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു കത്ത് കേന്ദ്ര നിയമമന്ത്രിയിൽ നിന്ന് 8.7.'99-ന് ലഭിച്ചിട്ടുണ്ട്. കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞ് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടതുണ്ട് എന്ന് സംസ്ഥാന ഗവണ്മെന്റ് കരുതുന്നു. ഹൈക്കോടതിയും കേന്ദ്രഗവണ്മെന്റുമാണ് ഇക്കാര്യത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടത്.

മരുന്നുവാങ്ങുന്നതിനുള്ള മാനദണ്ഡം

8 (*8)ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സർക്കാർ അനുമതിയില്ലാതെ മരുന്നുകളും സർജിക്കൽ ഉപകരണങ്ങളും പർച്ചേസ് നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ (സി.പി.സി) നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും മരുന്നുകൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിന് വ്യക്തമായ മാനദണ്ഡം പാലിക്കുന്നുഎന്നുറപ്പു വരുത്തുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സി.പി.സി. യുടെ ഇപ്പോഴത്തെ ഘടന എപ്രകാരമാണെന്നും, മരുന്നുകമ്പനികളെയും മരുന്നുകളെയും ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ഡി) സർക്കാർ അനുമതിയില്ലാതെയും മാനദണ്ഡങ്ങൾ ലംഘിച്ചും ഗുണനിലവാരമില്ലാത്ത മരുന്നുകളും ഉപകരണങ്ങളും അടുത്തകാലത്ത് പർച്ചേസ് നടത്തിയിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനും ഇതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

LIBRARY ARCHIVES Kerala Legislative Assembly